# കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി

**Kerala Regional Latin Catholic Secretariat**

P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| **Rt.Rev.Dr. Dennis Kuruppassery** | **Rev.Fr.Anoop Kalathithara OSJ** | **Mr.Paul Jose** | **Mr. Sherin K R** |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.11 Date: 02/07/2026

സ്നേഹബഹുമാനപ്പെട്ട വൈദീകരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

## യുവജന ദിനം

മാറ്റങ്ങളുടെ വൻചുഴലിക്കാറ്റുകൾ വീശിയടിക്കുന്ന ആധുനിക ലോകക്രമത്തിൽ, കത്തോലിക്കാ യുവത്വത്തിന്റെ പ്രവാചകരാകുവാൻ വിളിക്കപ്പെട്ട പ്രിയ യുവജനങ്ങൾക്ക് ഹൃദയം നിറഞ്ഞ യുവജനദിനാശംസകൾ ആദ്യമേ തന്നെ നേരുന്നു. യുവത്വം എന്നത് കേവലം പ്രായത്തിന്റെ ഒരു ഘട്ടമല്ല, മറിച്ച് ഹൃദയത്തിന്റെ നിത്യമായ അവസ്ഥയാണെന്ന് ഫ്രാൻസിസ് പാപ്പാ തന്റെ "*Christus vivit*" എന്ന പ്രബോധനത്തിലൂടെ ലോകത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. യുവാക്കൾ കേവലം നാളേക്കായി മാറ്റിവെക്കപ്പെട്ടവരല്ല, മറിച്ച് "യുവജങ്ങൾ ദൈവത്തിൻറെ ഇപ്പോഴാണ് (The 'Now' of God)" എന്ന പാപ്പായുടെ വാക്കുകൾ ഉൾക്കൊണ്ട്, ഈ യുവജനദിനാഘോഷവേളയിൽ പ്രസ്ഥാനത്തിന്റെ ദൗത്യത്തെക്കുറിച്ച് നാം ആഴത്തിൽ ചിന്തിക്കേണ്ടതുണ്ട്. സഭയുടെയും പൊതുസമൂഹത്തിന്റെയും നിലനിൽപ്പിനായി നാം അടിയന്തരമായി നടപ്പിലാക്കേണ്ട ശക്തമായ ഒരു പ്രഖ്യാപനമാണ് ഈ സുദിനത്തിൽ സംസ്ഥാന സമിതി ഈ സർക്കുലറിലൂടെ മുന്നോട്ട് വയ്ക്കുന്നത്.

നാളിതുവരെ കേരള സമൂഹത്തിലും സഭയിലും കെ.സി.വൈ.എം. നൽകിയിട്ടുള്ള സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സംഭാവനകൾ സമാനതകളില്ലാത്തതാണ്. യുവജനങ്ങളുടെ ബൗദ്ധികവും ആത്മീയവുമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്നതോടൊപ്പം തന്നെ, പൊതുസമൂഹത്തിലെ അനീതികൾക്കെതിരെയും അവകാശ ലംഘനങ്ങൾക്കെതിരെയും ശക്തമായ നിലപാടുകളെടുക്കാനും സഭയുടെ വിശ്വസ്തമായ ശബ്ദമായി മാറാനും ഈ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. മൂല്യാധിഷ്ഠിതമായ ഒരു രാഷ്ട്രീയ സംസ്കാരം യുവതലമുറയിൽ വളർത്തിയെടുക്കുന്നതിലും, സാമൂഹിക സഭ നേതൃത്വത്തിൽ യുവജനങ്ങളെ വളർത്തിയെടുക്കുന്നതിലും, ജീവന്റെ സംരക്ഷണത്തിനായുള്ള കാമ്പെയ്നുകൾ, ദുരന്തനിവാരണം തുടങ്ങിയ സാമൂഹിക അടിയന്തര ഘട്ടങ്ങളിൽ മുൻപന്തിയിൽ നിന്ന് നയിക്കാനും കെ.സി.വൈ.എം. എക്കാലവും വലിയ ജാഗ്രത പുലർത്തിയിട്ടുണ്ട്.

ഇടവകകളിൽ പലവിധ ഭക്തസംഘടനകളോ പ്രാദേശിക യുവജന കൂട്ടായ്മകളോ പ്രവർത്തിക്കുന്നുണ്ടാകാം എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ, അത്തരം സംവിധാനങ്ങൾക്കൊന്നും തന്നെ കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. ന് പകരമാകാൻ സാധിക്കില്ലെന്ന യാഥാർത്ഥ്യം നാം ഗൗരവത്തോടെ തിരിച്ചറിയണം. പ്രാദേശിക

കൂട്ടായ്മകൾക്കോ ഭക്തസംഘടനകൾക്കോ പൊതുസമൂഹത്തിൽ നിർണ്ണായകമായി ഇടപെടാനോ, രാഷ്ട്രീയ-സാമൂഹിക മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കാനോ ഉള്ള ഔദ്യോഗികമായ ഘടനയോ സാധ്യതകളോ ഇല്ലെന്നത് വലിയൊരു പരിമിതിയാണ്. അതേസമയം, കൃത്യമായ ഭരണഘടനയും, ദേശീയ-സംസ്ഥാന തലങ്ങളിലുള്ള ശക്തമായ നേതൃത്വ ശൃംഖലയുമുള്ള കെ.സി.വൈ.എം. ന് മാത്രമേ യുവജനങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി ഭരണകൂടങ്ങളോട് വരെ സംവദിക്കാനും, സഭയുടെ സാമൂഹിക ദൗത്യം അതിന്റെ പൂർണ്ണതയിൽ നടപ്പിലാക്കാനും സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ, മറ്റ് സംവിധാനങ്ങൾ ഉണ്ടെന്ന കാരണത്താൽ കെ.സി.വൈ.എം. യൂണിറ്റുകൾ ഇല്ലാതിരിക്കുന്നത് പ്രസ്ഥാനത്തിന്റെ കരുത്തിനെ മാത്രമല്ല, സഭയുടെ പൊതുവായ മുന്നേറ്റത്തെയും ദുർബലപ്പെടുത്തും.

ഇന്നത്തെ ഡിജിറ്റൽ ലോകത്തിന്റെ അതിപ്രസരവും, ലഹരി മാഫിയകളുടെ കെണികളും, കരിയറിനെക്കുറിച്ചുള്ള അമിത ആശങ്കകളും യുവതലമുറയിൽ മാനസിക സമ്മർദ്ദവും ഒറ്റപ്പെടലും വർധിപ്പിക്കുന്നുണ്ട്. ഈ വെല്ലുവിളികളെ ഓരോരുത്തരും ഒറ്റയ്ക്ക് നേരിടുക എന്നത് എളുപ്പമല്ല. അവിടെയാണ് യുവജനങ്ങൾക്ക് ആത്മീയവും സാമൂഹികവുമായ ഒരു സുരക്ഷിത ഇടമായി കെ.സി.വൈ.എം. നിലകൊള്ളുന്നത്. സഭയെയും സമൂഹത്തെയും നയിക്കാൻ കഴിയുന്ന, ക്രിസ്തീയ മൂല്യബോധമുള്ള അല്മായ നേതൃത്വത്തെ രൂപപ്പെടുത്തുന്ന വലിയൊരു പരിശീലന കളരിയാണ് ഈ സംഘടന. യുവജനങ്ങൾ ഇല്ലാത്ത ഇടവകകൾ പ്രകാശം നഷ്ടപ്പെട്ട വിളക്കുമാടങ്ങൾ പോലെയാണ്.

അതുകൊണ്ട്, ഈ വർഷത്തെ നമ്മുടെ പ്രധാന ചിന്തയും ലക്ഷ്യവുമായി നാം മുന്നോട്ട് വയ്ക്കുന്നത് "***എല്ലാ ഇടവകകളിലും കെ.സി.വൈ.എം. ഔദ്യോഗിക യൂണിറ്റ്***" എന്നതാണ്. ഇത് നമ്മുടെ സർക്കുലറുകളിൽ വെറുമൊരു വരിയായി താഴെ എഴുതിപ്പോകേണ്ടതല്ല, മറിച്ച് വരും നാളുകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും ആണിക്കല്ലായി മാറണം. ഒരു യൂണിറ്റ് പോലും നിഷ്ക്രിയമായിരിക്കാൻ നമുക്ക് അനുവാദമില്ല എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. ആയതിനാൽ രൂപതയിലെ എല്ലാ ഇടവകകളിലും കെ.സി.വൈ.എം. യൂണിറ്റുകൾ സ്ഥാപിക്കുവാനും, പ്രവർത്തനക്ഷമമല്ലാത്ത എല്ലാ യൂണിറ്റുകളും ശാക്തീകരിക്കാനും രൂപത/ഫൊറോന സമിതികളും ഇടവക നേതൃത്വങ്ങളും മുൻകൈ എടുക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഈ യുവജനദിനാഘോഷങ്ങളോട് ബന്ധപ്പെട്ട് സാഹചര്യങ്ങൾ അനുവദിക്കുന്ന രീതിയിൽ രൂപത-യൂണിറ്റ് തലങ്ങളിൽ അന്നേ ദിവസത്തെ വിശുദ്ധ കുർബാനക്ക് കെ.സി.വൈ.എം. നേതൃത്വം നൽകണമെന്നും യുവജന നേതൃത്വ പരിശീലനത്തിനും സാമൂഹിക നന്മയ്ക്കും സമുദായ വളർച്ചയ്ക്കും ആവശ്യമായ പരിപാടികൾ അണിയിച്ചൊരുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വെല്ലുവിളികളെ ഭയപ്പെടാതെ, നമ്മുടെ യൂണിറ്റുകളെ ശക്തിപ്പെടുത്തിക്കൊണ്ട് ക്രിസ്തുവിന്റെ ജീവസ്സുറ്റ പ്രവാചകരായി നമുക്ക് ഒരുമിച്ച് മുന്നേറാം.

എല്ലാ യുവജനങ്ങൾക്കും ഒരിക്കൽക്കൂടി ഹൃദയം നിറഞ്ഞ **യുവജനദിനാശംസകൾ!**

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി